


# കല്ലറ പഴയപള്ളിയിൽ
# വി. തോമാശ്ലീഹായുടെ തിരുനാൾ
## (117–ാമത് പുതുഞ്ഞായർ തിരുനാൾ)
## 2017 ഏപ്രിൽ 17 മുതൽ 23 വരെ

**1890** കളിൽ കല്ലറ പ്രദേശത്ത് താമസിച്ചിരുന്ന ഏതാണ്ട് 70 ഓളം ക്നാനായ കുടുംബങ്ങൾ ചേർന്ന് ഒരു മാസകൂട്ടം നടത്തിയിരുന്നു. ഇവർ മുമ്പ് കടുത്തുരുത്തി, കൈപ്പുഴ, നീണ്ടൂർ, കോട്ടയം ഇടവകകളിൽ ഉൾപ്പെട്ടവരായിരുന്നു. തങ്ങളുടെ ആത്മീയ കാര്യങ്ങൾ നിറവേറ്റി കിട്ടുന്നതിന്റെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി കല്ലറക്കാരായ പഴുക്കായിൽ ബഹു. മത്തായി അച്ചൻ, ചോരത്ത് ബ. ലൂക്കാച്ചൻ എന്നിവരുടെ നേതൃത്വത്തിൽ പള്ളി പണിക്കുവേണ്ടിയുള്ള ശ്രമം ആരംഭിച്ചു.

ശതാബ്ദി ജൂബിലി സ്മരണിക പ്രകാരം പള്ളി സ്ഥാപിക്കുന്നതിന് "തടിപ്പുഴപുരയിടം" പരേതരായ ചെരുവിൽ കുരുവിളയും ചോരത്ത്പുത്തൻപുരയിൽ (തുണ്ടിയിൽ) ഔസേപ്പും ദാനം ചെയ്തു. ഈ പള്ളിയുടെ പഴയപാട്ടിൽ ഇങ്ങനെ വായിക്കുന്നു.

"പണമില്ല, പണിയാനും പണിയിപ്പാനാളുമില്ല
ഇനിയെന്തു വേണ്ടതെങ്ങുറച്ച നാളിൽ
പുത്തൻപള്ളി വയ്പതിനായി പുത്തൻമഠം മനസ്സായി
ചിത്രമാം പള്ളിവേഗം പണിയും തീർത്തു"



മാർ ജോസഫ് പണ്ടാരശ്ശേരിൽ
(കോട്ടയം അതിരൂപത സഹായമെത്രാൻ)

ഈ പള്ളി പണിക്ക് ശക്തമായ നേതൃത്വം നല്കിയവരിൽ പ്രമുഖൻ പുത്തൻമഠം പോത്തനാണ്. ഈ പോത്തന്റെ ചെറുമകനാണ് പ്രസുദേന്തി ജോയി നിരവത്താനി എന്ന കാര്യം പ്രത്യേകം സ്മരിക്കുന്നു.

1900 ഏപ്രിൽ 22 ന് മാർ മാക്കീൽ പിതാവ് പുതിയ ദേവാലയം കൂദാശ ചെയ്തു. 117–ാമത് വാർഷികം ആഘോഷിക്കുന്ന ഈ ഇടവക 44 വൈദികരെയും 69 സന്യസ്തരേയും സഭയ്ക്ക് പ്രദാനം ചെയ്തിട്ടുണ്ട്. 646 കുടുംബങ്ങൾ, 3404 വിശ്വാസികൾ ഇവിടെയും വിദേശത്തുമായി കഴിയുന്നു. 20 കൂടാരയോഗങ്ങളാണ് ഇവിടെ ഉള്ളത്.

തുടർച്ചയായി 200 ൽ അധികം കുട്ടികളെ ഇരുത്തി 100% വിജയിപ്പിക്കുന്ന ദേശീയ, സംസ്ഥാന അവാർഡുകൾ വാങ്ങിക്കൂട്ടുന്ന സെന്റ് തോമസ് ഹൈസ്കൂൾ നാടിനും ഇടവകയ്ക്കും അഭിമാനമാണ്.

1970 ൽ വിസിറ്റേഷൻമഠം ആരംഭിച്ചു. ആദ്യ വികാരി ചോരത്ത് ബഹു. ലൂക്കാച്ചൻ മുതൽ ഇപ്പോഴത്തെ വികാരി കുറുപ്പന്തറയിൽ ബഹു. ജോസച്ചൻ വരെ ആകെ 40 വികാരിമാർ 51 കാലയളവുകളിലായി ഇവിടെ ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഫാ. അനിൽ (കുര്യാക്കോസ്) ഒറ്റക്കുന്നേൽ അസി. വികാരിയായി സേവനം ചെയ്യുന്നു. ഇടവകയുടെ വളർച്ചയ്ക്കായി ഏറെ കഷ്ടപ്പാടുകൾ സഹിച്ച ഏവർക്കും കൃതജ്ഞത പ്രകാശിപ്പിക്കുന്നു. പുതു ഞായർതിരുനാൾ ആഘോഷങ്ങളിലൂടെ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

### ക്ഷണക്കത്ത്

ഈശോയിൽ പ്രിയരേ,

ഭാരതത്തിന്റെ അപ്പസ്തോലനും കല്ലറയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനുമായ മാർ തോമാ ശ്ലീഹായുടെ പുതുഞ്ഞായർ തിരുനാളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കാൻ നിങ്ങളെ ഏവരേയും കല്ലറ പഴയപള്ളിയിലേയ്ക്ക് ഇടവക സമൂഹത്തിന്റെ നാമത്തിൽ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.



റവ. ഫാ. ജോസ് കുറുപ്പന്തറയിൽ
(വികാരി)

## തിരുനാൾ ദിനങ്ങളിലൂടെ

**2017 ഏപ്രിൽ 10 മുതൽ 12 വരെ**

4.30 pm – 9.00 pm : കുടുംബനവീകരണ ധ്യാനം
**ഫാ. കുര്യൻ കാരിക്കൽ M.S.F.S.**
(കാരീസ്ഭവൻ ടീം)

**2017 ഏപ്രിൽ 17 തിങ്കൾ**

6.00 am : സപ്രാ, ലദീഞ്ഞ്, ആഘോഷമായ വി. കുർബാന
വി. തോമാശ്ലീഹായുടെ നൊവേന
**റവ. ഫാ. സന്തോഷ് മുല്ലമംഗലത്ത്**

**2017 ഏപ്രിൽ 18 ചൊവ്വ**

6.00 am : സപ്രാ, ലദീഞ്ഞ്, ആഘോഷമായ വി. കുർബാന
വി. തോമാശ്ലീഹായുടെ നൊവേന
**റവ. ഫാ. കുര്യാക്കോസ് ഒറ്റക്കുന്നേൽ**

**2017 ഏപ്രിൽ 19 ബുധൻ**

6.00 am : സപ്രാ, ലദീഞ്ഞ്, ആഘോഷമായ വി. കുർബാന
വി. തോമാശ്ലീഹായുടെ നൊവേന
**റവ. ഫാ. ജിൻസ് നെല്ലിക്കാട്ടിൽ**

**2017 ഏപ്രിൽ 20 വ്യാഴം**

6.15 am : സപ്രാ
തിരുനാൾ കൊടിയേറ്റ് (വികാരി)
തിരുസ്വരൂപ പ്രതിഷ്ഠ
ലദീഞ്ഞ്, ആഘോഷമായ വി. കുർബാന
**വെരി. റവ. ഫാ. സ്റ്റാനി ഇടത്തിപ്പറമ്പിൽ**
6.45 pm : ലദീഞ്ഞ് (സെന്റ് ജൂഡ് കുരിശുപള്ളി)
**റവ. ഫാ. എൻ.ഐ. മൈക്കിൾ**
(വികാരി, കിടങ്ങൂർ)
മെഴുകുതിരി പ്രദക്ഷിണം പള്ളിയിലേയ്ക്ക്
7.00 pm : ലദീഞ്ഞ് (സെന്റ് സെബാസ്റ്റ്യൻസ് കുരിശുപള്ളി)
മെഴുകുതിരി പ്രദക്ഷിണം പള്ളിയിലേയ്ക്ക്
8.30 pm : തിരുനാൾ സന്ദേശം
**വെരി. റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ**
പരി. കുർബാനയുടെ ആശീർവാദം
**ഫാ. ബോബി കൊച്ചുപറമ്പിൽ**

**2017 ഏപ്രിൽ 21 വെള്ളി**

6.15 am : സപ്രാ, ലദീഞ്ഞ്
മരിച്ചവരുടെ ഓർമ്മദിനം
ആഘോഷമായ വി. കുർബാന
**റവ. ഫാ. സൈമൺ പഴുക്കായിൽ**
4.00 pm : വാദ്യമേളങ്ങൾ (പള്ളിയങ്കണത്തിൽ)
5.00 pm : വാദ്യമേളങ്ങൾ (പെരുന്തുരുത്ത് സെന്റ് ജോസഫ് കപ്പേളയിൽ)
6.30 pm : ലദീഞ്ഞ് (സെന്റ് ജോസഫ് കപ്പേളയിൽ)
പ്രദക്ഷിണം പള്ളിയിലേയ്ക്ക്
8.15 pm : തിരുനാൾ സന്ദേശം (പള്ളിയിൽ)
**റവ. ഡോ. മാത്യു കുരിയത്തറ OSH**
വി. കുർബാനയുടെ ആശീർവാദം
**വെരി. റവ. ഫാ. മാത്യു കുഴിപ്പിള്ളിൽ**

**2017 ഏപ്രിൽ 22 ശനി**

7.00 am : സപ്രാ, ലദീഞ്ഞ്
ആദ്യ കുർബാന സ്വീകരണദിനം
ആഘോഷമായ പൊന്തിഫിക്കൽ കുർബാന
**മാർ ജോസഫ് പണ്ടാരശ്ശേരിൽ**
(കോട്ടയം അതിരൂപതാ സഹായമെത്രാൻ)
6.45 pm : ലദീഞ്ഞ്
(വി. കൊച്ചുത്രേസ്യാ കപ്പേളയിൽ)
7.00 pm : പ്രദക്ഷിണം പള്ളിയിലേയ്ക്ക്
9.00 pm : തിരുനാൾ സന്ദേശം
**റവ. ഫാ. വിൻസൺ കുരുട്ടുപറമ്പിൽ**
വി. കുർബാനയുടെ ആശീർവാദം
**റവ. ഫാ. ജോർജ് പുതുപ്പറമ്പിൽ**

**2017 ഏപ്രിൽ 23 ഞായർ : പുതുഞ്ഞായർ തിരുനാൾദിനം**

7.00 am : സപ്രാ, ലദീഞ്ഞ്
വി. കുർബാന (വികാരി)
9.45 am : **ആഘോഷമായ തിരുനാൾ റാസ**
**മുഖ്യകാർമ്മികൻ:**
**റവ. ഫാ. ജയിംസ് പൊങ്ങാനയിൽ**
**സഹകാർമ്മികർ:**
**റവ. ഫാ. തോമസ് കാരുവള്ളിൽ**
**റവ. ഫാ. മാത്യു കുന്നപ്പള്ളിൽ**
**റവ. ഫാ. പ്രഭുൽ പുതുപ്പറമ്പിൽ**
തിരുനാൾ ക്വയർ:
വിൽസൺ പിറവം & ടീം.
തിരുനാൾ സന്ദേശം:
**റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
(കോട്ടയം അതിരൂപതാ വികാരി ജനറാൾ)
12.45 pm: വി. കുർബാനയുടെ ആശീർവാദം
**റവ. ഫാ. സൈമൺ ഇടത്തിപ്പറമ്പിൽ**
പ്രദക്ഷിണം
7.00 pm : **നാടകം**
**കടലുകൾ കടന്ന്**
**(തിരുവനന്തപുരം ശ്രീനന്ദന)**



പ്രസുദേന്തി: ജോയി ഫിലിപ്പ് നിരവത്താനി & ഫാമിലി



ഫാ. കുര്യാക്കോസ് ഒറ്റക്കുന്നേൽ
(അസി. വികാരി)



സിറിയക് ഇലക്കൊടിയ്ക്കൽ



അബ്രാഹം നിരവത്താനി



എം.എൽ. ചാക്കോ മാത്തിപ്പറമ്പിൽ

കൈക്കാരന്മാർ



ജേക്കബ് തുണ്ടിയിൽ
(അക്കൗണ്ടന്റ്)



സേവ്യർ നെടുവേലിപ്പറമ്പിൽ
(ദേവാലയശുശ്രൂഷി)